പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 209 | 28.06.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ലബോറട്ടറി സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.രാജേന്ദ്രൻ<br>,, ജോർജ് എം. തോമസ്<br>,, സി. കെ. ശശീന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതിനാൽ ഇത്തരം സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർ സ്വകാര്യമെഡിക്കൽ ലാബുകളുടെ ചൂഷണത്തിനിരയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യപദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തിരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ/ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ 134 ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കി ഉള്ളവയുടെ സജ്ജീകരണം നടന്നു വരുന്നു. |
| ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സമയബന്ധിതമായി അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങളും ആവശ്യത്തിന് ജീവനക്കാരെയും നിയമിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | ബി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് ലാബ് ടെക്നീഷ്യൻ തസ്തിക അനുവദിച്ചിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യം (എൻ. എച്ച്. എം) മുഖേന ഏർപ്പെടുത്തുന്ന ലാബുകളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേനയാണ് ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ